# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4068.

20-03-2018 ൽ മറുപടിയ്ക്ക്

## നെല്ലുല്പാദനത്തിൽ കൈവരിച്ച വളർച്ചാ നിരക്ക്

**ചോദ്യം**

ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2015-16 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2016-17 സാമ്പത്തിക വർഷം നെല്ലുല്പാദനത്തിൽ എത്ര ശതമാനം വളർച്ച കൈവരിക്കാൻ സാധിച്ചിട്ടുണ്ട്; ഈ കാലയളവിൽ നെൽവയൽ വിസ്തീർണത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ; | (എ) | 2015-16 സാമ്പത്തിക വർഷത്തെയും 2016-17 സാമ്പത്തിക വർഷത്തെയും നെൽകൃഷി വിസ്തീർണ്ണവും ഉല്പാദനവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br>കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് ഈ നൂറ്റാണ്ടിലെ ഏറ്റവും കഠിനമായ വരൾച്ചമൂലം 2016-17 സാമ്പത്തിക വർഷം രണ്ടാം വിള കാലത്തും തുടർന്നും നെൽകൃഷി വിസ്തൃതിയിൽ ഗണ്യമായ കുറവ് ഉണ്ടായിരുന്നു. വിവിധ ജില്ലകളിലായി 36891.22 ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കിയെങ്കിലും ഉണക്ക ബാധിച്ച് കൃഷി നഷ്ടപ്പെട്ടിരുന്നു. 36.4 ഹെക്ടർ സ്ഥലത്ത് ഞാറ്റടി തന്നെ ഉണങ്ങിപ്പോയിരുന്നു. ഇതിനുപുറമേ പാലക്കാട് ജില്ലയിൽ 13990 ഹെക്ടർ സ്ഥലത്ത് വിതയ്ക്കാൻ സാധിക്കാതെ പോകുകയും ചെയ്തു. ഇതിന്റെ ഫലമായാണ് കഴിഞ്ഞ സാമ്പത്തിക വർഷം നെല്ല് ഉല്പാദനത്തിൽ ഗണ്യമായ കുറവുണ്ടായത്. എന്നാൽ കൃഷി വകുപ്പിന്റെ ഇടപെടലിന്റെ ഫലമായി ഈ സാമ്പത്തിക വർഷത്തിൽ സ്ഥിതിയിൽ വലിയ മാറ്റം ഉണ്ടായിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 220447 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഇറക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### നെൽകൃഷി വിസ്തൃതി

| ജില്ല | 2015-16 | 2016-17 |
|---|---|---|
| തിരുവനന്തപുരം | 2119 | 1392 |
| കൊല്ലം | 1555 | 1302 |
| പത്തനംതിട്ട | 2534 | 2640 |
| ഇടുക്കി | 887 | 695 |
| കോട്ടയം | 16272 | 17216 |
| ആലപ്പുഴ | 31724 | 32453 |
| എറണാകുളം | 5950 | 4730 |
| തൃശ്ശൂർ | 24625 | 21100 |
| പാലക്കാട് | 81120 | 65513 |
| മലപ്പുറം | 8687 | 7140 |
| കോഴിക്കോട് | 2872 | 1987 |
| വയനാട് | 9204 | 7822 |
| കണ്ണൂർ | 5478 | 4671 |
| കാസർഗോഡ് | 3843 | 2737 |
| **ആകെ** | **196870** | **171398** |

### ഉല്പാദനം

| ജില്ല | 2015-16 | 2016-17 |
|---|---|---|
| തിരുവനന്തപുരം | 5453 | 3069 |
| കൊല്ലം | 3351 | 2396 |
| പത്തനംതിട്ട | 8396 | 2837 |
| ഇടുക്കി | 2198 | 1631 |
| കോട്ടയം | 49506 | 48030 |
| ആലപ്പുഴ | 89335 | 102439 |
| എറണാകുളം | 12652 | 10695 |
| തൃശ്ശൂർ | 78886 | 57478 |
| പാലക്കാട് | 228459 | 144275 |
| മലപ്പുറം | 23649 | 17211 |
| കോഴിക്കോട് | 3608 | 2935 |
| വയനാട് | 23704 | 20647 |
| കണ്ണൂർ | 11518 | 10623 |
| കാസർഗോഡ് | 8560 | 6217 |
| **ആകെ** | **549275** | **430483** |

സെക്ഷൻ ഓഫീസർ